**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2808** **28-02-2023 - ൽ മറുപടിയ്ക്ക്**

**ചാക്കപ്പാറ-പുരവിമല റോഡിന്റെ ശോചനീയാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | അമ്പൂരി ഗ്രാമപഞ്ചായത്തിലെ തൊട്ടുമല വാർഡിൽ പന്ത്രണ്ടിലധികം വരുന്ന ഊരുകളിലായി താമസിക്കുന്ന പട്ടികവർഗ്ഗ വിഭഗത്തിലുള്ള ജനങ്ങളെ പുറംലോകവുമായി ബന്ധിപ്പിക്കുന്ന ഏക റോഡായ ചാക്കപ്പാറ-പുരവിമല റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | അമ്പൂരി ഗ്രാമപഞ്ചായത്തിലെ തൊട്ടുമല വാർഡിലെ ചാക്കപ്പാറ- പൂരവിമല റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. യൂസർ ഏജൻസിയായ PMU, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സമർപ്പിച്ച അഞ്ച് അപേക്ഷകളിലും 20.02.2023 തീയതിയിൽ ഉത്തരവ് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിന്റെ നവീകരണത്തിനായി പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചെങ്കിലും വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ പദ്ധതി നിർവഹണം തടസപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത റോഡിന്റെ നവീകരണത്തിനായി വനം വകുപ്പ് നിലവിൽ അനുമതി നൽകിയിട്ടുണ്ട്. |
| (സി) | നിലവിൽ 6 മീറ്ററിലധികം വീതിയുള്ള പ്രസ്തുത റോഡ് 3 മീറ്റർ വീതിയിൽ നവീകരിക്കുന്നതിന് വനം വകുപ്പ് അനുമതി നൽകിയെങ്കിലും പ്രസ്തുത പദ്ധതിക്ക് 6 മീറ്റർ വീതി വേണമെന്നുള്ളതിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിയുന്നില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രകാരം യൂസർ ഏജൻസി 10.01.2023, 17.02.2023 തീയതികളിൽ അപേക്ഷ നൽകിയതിനെ തുടർന്ന് യൂസർ ഏജൻസി ആവശ്യപ്പെട്ട വീതിയിൽ സെറ്റിൽമെന്റ് മേഖലകളിൽ 3.75 മീറ്റർ വീതിയിൽ ടാറിങ്ങിനും 2.25 മീറ്റർ വീതിയിൽ സൈഡ് വാൾ/ ഓട എന്നിവ നിർമ്മിക്കുന്നതിനും വനമേഖലക്കുള്ളിൽ വരുന്ന ഭാഗത്ത് 3.75 മീറ്റർ വീതിയിൽ കോൺക്രീറ്റ് ചെയ്തു നവീകരിക്കുന്നതിനും 20.02.2023 തീയതിയിൽ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ